പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 218 | 26/02/2018 ൽ മറുപടി<br>നല്കേണ്ടത്. |

## കോന്നി താലൂക്ക് ആശുപത്രി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.അടൂർ പ്രകാശ്** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | കോന്നി താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണത്തിന് തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെന്നും എന്നാണ് അനുവദിച്ചതെന്നും വിശദമാക്കാമോ; | എ) | നിലവിൽ തുക അനുവദിച്ചിട്ടില്ല എന്നാൽ 318 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പി.ഡബ്ല്യു. ഡി വിഭാഗം മുഖേന ലഭ്യമാക്കിയിരുന്നു. ആയത് Major construction under DHS എന്ന ശീർഷകത്തിൽ 2017-18 വർഷത്തെ പദ്ധതിയിൽ 4210-01-110-74 എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ വകയിരുത്തിയിട്ടുള്ള 41.26 കോടിയിൽ ഉൾപ്പെടുത്തുന്നതിനാണ് ടി എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടുള്ളത്. പി.ഡബ്ല്യു.ഡി സമർപ്പിച്ച പ്രൊപ്പോസലിൽ പി.എച്ച്.സി എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ടി സ്ഥാപനം താലൂക്ക് ആശുപത്രിയായി സർക്കാർ ഉയർത്തുകയുണ്ടായി. ഈ സാഹചര്യത്തിൽ പി.എച്ച്.സി എന്ന നിലയ്ക്ക് തയ്യാറാക്കിയ പ്രൊപ്പോസൽ താലൂക്കാശുപത്രിയെന്ന് പി.ഡബ്ല്യു.ഡി യിൽ നിന്ന് മാറ്റി കിട്ടിയാൽ മാത്രമേ അനുമതിക്കായ് സമർപ്പിക്കുവാൻ കഴിയുകയുള്ളൂ. ആയതിന്റെ നടപടികൾ സ്വീകരിച്ച് വരുന്നു. |
| ബി) | പ്രസ്തുത ആശുപത്രിയുടെ പണി നാളിതുവരെയായി ആരംഭിക്കാത്തത് എന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ; | ബി) | ഫണ്ട് ലഭ്യമല്ലാത്തത് കൊണ്ടാണ് പണികൾ തുടങ്ങാൻ സാധിക്കാത്തത്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പണി തുടങ്ങുന്നതാണ്. |
| സി) | നിലവിൽ പണികൾ പൂർത്തീകരിക്കാത്തതിന് എന്തെല്ലാം തടസ്സങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുമോ; | സി) | പി.ഡബ്ല്യു.ഡി സമർപ്പിച്ച പ്രൊപ്പോസൽ മാറ്റി ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കു ന്നതാണ്. |
| ഡി) | ആയവ പരിഹരിക്കുന്നതിന് സർക്കാർ തലത്തിൽ എന്തെല്ലാം തുടർനടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | ഡി) ഇ) & എഫ്) | ടി പ്രൊപ്പോസലിലെ ന്യൂനതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. |
| ഇ) | അടിയന്തിരമായി പണി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകാമോ; | | |
| എഫ്) | പുതിയ കെട്ടിടത്തിന്റെ പ്രവർത്തനം എന്നു മുതൽ ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ? | | |

സെക്ഷൻ ഓഫീസർ